**സ്മരണ**

ഡോ. അബ്ദുസ്സലാം വാണിയമ്പലം

# ഫതഹീയകനെ ഓര്‍ക്കുമ്പോള്‍

**ശൈഖ്** ഫതഹീയകനെ കാണണമെന്നു പണ്ടേ ആഗ്രഹിച്ചിരുന്നതാണ്. 2003-ല്‍ നടന്ന ശാന്തപുരം അല്‍ ജാമിഅ അല്‍ ഇസ്‌ലാമിയ്യയുടെ ഉദ്ഘാടന സമ്മേളനത്തിലേക്ക് അദ്ദേഹത്തെ ക്ഷണിച്ചിരുന്നതുമാണ്. പക്ഷേ ആരോഗ്യപരമായ കാരണങ്ങളാല്‍ പങ്കെടുക്കാന്‍ സാധിച്ചില്ല. അങ്ങനെയിരിക്കെയാണ് തീര്‍ത്തും യാദൃഛികമായി, 2007 നവംബറില്‍ ബഹ്‌റൈനില്‍ വച്ച് അദ്ദേഹത്തെ കാണാന്‍ അവസരമുണ്ടായത്. പ്രായം എഴുപത്തിയാറുണ്ടെങ്കിലും വാര്‍ധക്യത്തിന്റെ അവശതകളൊന്നുമില്ല. ഞങ്ങള്‍ സംസാരിച്ചു കൊണ്ടിരിക്കെ അദ്ദേഹത്തിന്റെ ഭാര്യ ഡോ. മുനാ ഹദ്ദാദ് എത്തിയത്. അപ്പോഴേക്കും ഞങ്ങള്‍ ലഘുവായി പ്രഭാതഭക്ഷണം കഴിച്ചിരുന്നു. ഭാര്യ ഭക്ഷണം കഴിച്ചിട്ടില്ലെന്നറിയിച്ചപ്പോള്‍ ഫതഹീയകന്‍ വല്ലാതായി. ഞങ്ങളുടെ സാന്നിധ്യത്തില്‍ തന്നെ ഭാര്യയോട് ക്ഷമാപണം നടത്തി. 'നീ ഭക്ഷണം കഴിച്ചിട്ടുണ്ടായിരിക്കും എന്നു കരുതിയാണ് ഞാന്‍ കഴിച്ചത്. ക്ഷമിക്കണം'. പ്രസ്ഥാന ജീവിതത്തില്‍ മാത്രമല്ല, കുടുംബജീവിതത്തിലും ഉയര്‍ന്ന സ്വഭാവത്തിന്റെയുടമയാണ് താനെന്നദ്ദേഹം തെളിയിച്ചു.

ഇന്ത്യയിലെ പ്രസ്ഥാന വിശേഷങ്ങള്‍ അദ്ദേഹം വിശദമായി ചോദിച്ചറിഞ്ഞു. പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ പങ്കാളിത്തം പ്രത്യേകം അന്വേഷിച്ചു. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ പാര്‍ലമെന്ററി അനുഭവങ്ങളെക്കുറിച്ച് താനെഴുതിയ മൂന്നു കൃതികള്‍ വായിക്കണമെന്നു നിര്‍ദേശിച്ചു. ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് നല്ല ധാരണയുണ്ട്. തന്റെ ഒന്നിലധികം കൃതികളില്‍ ഫതഹീയകന്‍ ജമാഅത്തെ ഇസ്‌ലാമിയെ വിശദമായി പരിചയപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യ സന്ദര്‍ശിക്കാനുള്ള ക്ഷണം ആവര്‍ത്തിച്ചപ്പോള്‍ സന്തോഷപൂര്‍വം സ്വീകരിച്ചു. 'അല്‍ ജിനാന്‍' യൂനിവേഴ്സിറ്റി നടത്തുന്ന മുനാ ഫതഹീയകനും ഇന്ത്യ സന്ദര്‍ശിക്കാന്‍ അതീവ താല്‍പര്യം.



ലേഖകന്‍ ഫതഹീയകനോടൊപ്പം

**സംഘടന വിട്ടെങ്കിലും ഫതഹീയകന്‍ 'അല്‍ ജമാഅ'ക്ക് പുറത്താണെന്ന് അല്‍ ജമാഅ ഭാരവാഹികള്‍ക്കോ ഫതഹീയകന് തന്നെയോ തോന്നിയിരുന്നില്ല. പൊതുവെ ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങള്‍ തുടര്‍ന്നുവരുന്ന നിലപാടാണത്. വിയോജിച്ചു പുറത്തു പോയവരെ, ഘടനയിലില്ലെങ്കിലും തങ്ങളുടെ കൂടെയുള്ളവരെപ്പോലെത്തന്നെ പരിഗണിക്കാന്‍ അവര്‍ ശ്രദ്ധ വെക്കുന്നു.**

### വിനയത്തിന്റെ ആള്‍രൂപം

വിനയമായിരുന്നു ഫതഹീയകന്റെ മുഖമുദ്ര. സ്വഭാവത്തില്‍ മാത്രമല്ല, ചിന്തയിലും ആ വിനയം പ്രതിഫലിച്ചു. ഒരു വലിയ ദാര്‍ശനികനായിരുന്നില്ല അദ്ദേഹം. എന്നാല്‍ ലബനാനിലെ മാത്രമല്ല, ലോകഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ തന്നെ വഴികാട്ടിയായിരുന്നു. പാര്‍ട്ടി വിദ്യാഭ്യാസമായിരുന്നു ഇഷ്ടവിഷയം. അദ്ദേഹത്തിന്റെ മിക്ക കൃതികളുടെയും പ്രതിപാദ്യവും അതുതന്നെ. സര

ളമായ ശൈലിയിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ അടിസ്ഥാനങ്ങളെയും സമീപനങ്ങളെയും അദ്ദേഹം വിശകലനം ചെയ്തു. സംഘടനകളുടെ അനിവാര്യത ഊന്നിപ്പറഞ്ഞു. തീവ്രവാദത്തെ ശക്തമായെതിർത്തു. എന്നാൽ സംഘടനാ ഘടനയുടെയും അച്ചടക്കത്തിന്റെയും കാര്യത്തിൽ കർശന സ്വഭാവിയായിരുന്നു. *മുശ്കിലാത്തുദ്ദഅ്‌വ വദ്ദാഇയ* (പ്രബോധനത്തിന്റെയും പ്രബോധകന്റെയും പ്രശ്നങ്ങൾ), *കൈഫ നദ്ഊ ഇലൽ ഇസ്‌ലാം* (ഇസ്‌ലാമിലേക്ക് ക്ഷണിക്കേണ്ടതെങ്ങനെ?), *നഹ്‌വ ഹറക ഇസ്‌ലാമിയ്യ വാഹിദ* (ഏക ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്ക്), *അൽ മൗസൂഅത്തുൽ ഹറകിയ്യ* (പ്രസ്ഥാന വിജ്ഞാനകോശം), *അൽ ഇസ്‌ലാം: ഫിക്റ വ ഹറക വ ഇൻഖിലാബ്* (ഇസ്‌ലാം: ചിന്ത, പ്രസ്ഥാനം, വിപ്ലവം) തുടങ്ങി 35ലധികം വരുന്ന കൃതികളിലൂടെ അദ്ദേഹം ഇസ്‌ലാമിക പ്രസ്ഥാനത്തെ വിശകലനം ചെയ്തു. ലോകത്തെങ്ങുമുള്ള സാധാരണക്കാരായ ഇസ്‌ലാമിസ്റ്റുകൾക്ക് അവ കുറച്ചൊന്നുമല്ല ഉപകരിച്ചിട്ടുള്ളത്. മനസ്സിൽ തട്ടുന്ന ചിന്തകളുടെ കൊച്ചുശകലങ്ങളായി പുറത്തുവന്ന ആ കൃതികൾ തന്നെയാണ് ഇസ്‌ലാമിനുവേണ്ടി പ്രവർത്തിക്കുന്ന ലോകത്തെങ്ങുമുള്ള ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ മനസ്സിൽ ഡോ. ഫതഹീയകനെ അവിസ്മരണീയനാക്കുന്നത്.

പ്രസ്ഥാന ചിന്തയുടെ ആദ്യഘട്ടത്തെ പ്രതിനിധീകരിക്കുന്ന കൃതികളായതിനാൽ, ഇന്ന് പ്രസക്തമായ നവീകൃത പ്രസ്ഥാനചിന്തകൾ ഫതഹീയകന്റെ രചനകളിൽ കാണാതിരിക്കുക സ്വാഭാവികം. കാരണം ശൈഖ് റാശിദുൽ ഗനൂശിയെപ്പോലെ പ്രസ്ഥാന ചിന്തയിൽ ഒരു പൊളിച്ചെഴുത്തിനെപ്പറ്റി ആലോചിക്കാവുന്ന പരുവത്തിലായിരുന്നില്ല ഫതഹീയകന്റെ പ്രാസ്ഥാനിക പരിസരവും കൃതികൾ രചിക്കപ്പെട്ട കാലഘട്ടവും. അതുകൊണ്ട് പുതിയ കാലഘട്ടത്തിൽ വിയോജിപ്പ് അനിവാര്യമായ ചില ചിന്തകളും അവയിലുണ്ടാവാം. അമീറിന് ശൂറ നിർബന്ധമാണെങ്കിലും ശൂറയുടെ ഭൂരിപക്ഷത്തെ മാനിക്കാൻ അദ്ദേഹത്തിനു ബാധ്യതയില്ല എന്ന വാദം ഉദാഹരണം.[1] മൗലാനാ മൗദൂദിക്കും ഈ വാദമുണ്ടായിരുന്നെങ്കിലും പിന്നീട് അദ്ദേഹം തിരുത്തി. പക്ഷേ ഫതഹീയകൻ തിരുത്തിയില്ല. കൂട്ടുനേതൃത്വം എന്ന ആധുനിക ആശയത്തെ നിശിതമായി വിമർശിച്ചത് മറ്റൊരുദാഹരണം.[2] അതേയവസരം, പ്രസ്ഥാനം കാലാനുസൃതമായി മാറേണ്ടതിന്റെ ആവശ്യകത അവസാന കാലത്ത് നൽകിയ പല അഭിമുഖങ്ങളിലും രചനകളിലും അദ്ദേഹം എടുത്തുപറഞ്ഞിരുന്നുവെന്നത് ശ്രദ്ധേയമാണ്.[3]

## വഴി പിരിഞ്ഞെങ്കിലും

1960 കളിൽ രൂപീകൃതമായതു മുതൽ ലബനാനിലെ ഇസ്‌ലാമിക പ്രസ്ഥാനമായ അൽ ജമാഅത്തുൽ ഇസ്‌ലാമിയ്യയുടെ അമരക്കാരനായിരുന്നു ഡോ. ഫതഹീയകൻ. 1992 വരെ അദ്ദേഹം ആ സ്ഥാനത്തു തുടർന്നു. പാർലമെന്റംഗമായി തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് രാഷ്ട്രീയ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് 'അൽ ജമാഅ'യുടെ സെക്രട്ടറി ജനറൽ പദവി ഒഴിഞ്ഞത്. 2005 വരെയും പ്രസ്ഥാനത്തിന്റെ നേതൃനിരയിലുണ്ടായിരുന്നു. പിന്നീട് 'അൽ ജമാഅ'യുമായി ഇടയേണ്ടിവന്നു. ഇസ്രയേലുമായി പൊരുതുന്ന ഹിസ്ബുല്ലക്ക് കലവറയില്ലാത്ത പിന്തുണ നൽകിയിരുന്നു അൽ ജമാഅ. അൽ ജമാഅയെ ഒരു സംഘടനയെന്ന നിലയിൽ ചെറുത്തുനിൽപ്പു പോരാട്ടത്തിൽ ഉൾക്കൊള്ളാൻ ശിഈ സംഘടനയായ ഹിസ്ബുല്ല വിസമ്മതിച്ചിരുന്നെങ്കിലും, സ്വന്തം പോരാളികളെ അയച്ച് ഹിസ്ബുല്ലയുടെ പോരാട്ടത്തിൽ അൽ ജമാഅ പങ്കുവഹിച്ചു. അവരുടെ ചില പ്രവർത്തകർ രക്തസാക്ഷികളാവുകയും ചെയ്തു. എന്നാൽ, ഹിസ്ബുല്ല ലബനാന്റെ ആഭ്യന്തര രാഷ്ടീയത്തിൽ സായുധമായ ഇടപെടലുകൾ നടത്തുന്നതും ലബനാൻ തലസ്ഥാന നഗരിയിൽ ആയുധമെടുത്ത് ആധിപത്യത്തിനു ശ്രമിക്കുന്നതും അൽ ജമാഅ അംഗീകരിച്ചില്ല. ഫതഹീയകനാകട്ടെ ഹിസ്ബുല്ലയുടെ നിലപാടിനെ പിന്തുണക്കണമെന്ന അഭിപ്രായക്കാരനായിരുന്നു. പക്ഷേ അൽ ജമാഅയുടെ ശൂറ ഫതഹീയകന്റെ അഭിപ്രായത്തെ നിരാകരിച്ചു. ലബനാൻ ഗവൺമെന്റും ഹിസ്ബുല്ലയും തമ്മിലുള്ള പ്രശ്നത്തിൽ നിഷ്പക്ഷത പാലിക്കണമെന്നായിരുന്നു സംഘടനയുടെ അഭിപ്രായം. തുടർന്നാണ് ഡോ. ഫതഹീയകൻ 2006ൽ ഇസ്‌ലാമിക് ആക്ഷൻ ഫ്രന്റ് രൂപീകരിച്ചു രംഗത്തുവന്നത്. അമേരിക്കൻ-ഇസ്രയേൽ അനുകൂല ഗവൺമെന്റാണ് ലബനാനിലേതെന്നതിനാൽ അതിനെതിരെ സായുധ പോരാട്ടവുമാവാം എന്നദ്ദേഹം വിശ്വസിച്ചു. എന്നാൽ വിദേശാധിനിവേശത്തിനെതിരെ ആയുധമെടുക്കുന്നതുപോലെയല്ല, ആഭ്യന്തര വിയോജിപ്പുകളിൽ ആയുധമെടുക്കുന്നതെന്നായിരുന്നു അൽ ജമാഅത്തുൽ ഇസ്‌ലാമിയ്യയുടെ നിലപാട്.

സംഘടന വിട്ടെങ്കിലും ഫതഹീയകൻ 'അൽ ജമാഅ'ക്ക് പുറത്താണെന്ന് അൽ ജമാഅ ഭാരവാഹികൾക്കോ ഫതഹീയകന് തന്നെയോ തോന്നിയിരുന്നില്ല. പൊതുവെ ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ തുടർന്നുവരുന്ന നിലപാടാണത്. വിയോജിച്ചു പുറത്തു പോയവരെ, ഘടനയിലില്ലെങ്കിലും തങ്ങളുടെ കൂടെയുള്ളവരെപ്പോലെത്തന്നെ പരിഗണിക്കാൻ അവർ ശ്രദ്ധ വെക്കുന്നു. അങ്ങനെയുള്ളവർ പുറത്താണെന്ന കാര്യം മറച്ചുവെക്കാൻ ശ്രമിക്കും. തങ്ങളുടെ ജിഹ്വകളിൽ അവർക്ക് നൽകി വന്നിരുന്ന വാർത്താ പ്രാധാന്യം ഒട്ടും കുറവില്ലാതെ തുടർന്നും നൽകും. തങ്ങളുടെ പരിപാടികളിൽ മുമ്പത്തെപ്പോലെത്തന്നെ പങ്കെടുപ്പിക്കും.

'അൽ ജമാഅ'യും ചെയ്തതു അതുതന്നെയായിരുന്നു. അതിന്റെ ഇപ്പോഴത്തെ നേതാവ് ശൈഖ് ഫൈസൽ മൗലവി ഫതഹീയകനുമായി നിരന്തര ബന്ധം പുലർത്തി. ആശയ വിനിമയങ്ങൾ തുടർന്നു. സ്നേഹബന്ധങ്ങൾ പോറലേൽക്കാതെ നിലനിർത്തി. ശൈഖ് ഫതഹീയകനും അതുതന്നെ ചെയ്തു. തന്റെ നടപടിയിലൂടെ അൽ ജമാഅ അൽ ഇസ്‌ലാമിയ്യയെ പിളർത്തുകയാണ് ചെയ്തത് എന്ന ആരോപണത്തിന് അദ്ദേഹം നൽകിയ മറുപടി ഇങ്ങനെയായിരുന്നു: "നഊദുബില്ലാഹ്, അൽ ജമാഅത്തുൽ ഇസ്‌ലാമിയ്യയെ ഞാൻ പിളർത്തുകയോ? ഞാനുണ്ടാക്കിയ സംഘടനയെ ഞാനെങ്ങനെ പിളർക്കും? ഇപ്പോഴും ഞാനതിലുണ്ട്. അല്ലാഹുവിനെ കണ്ടുമുട്ടുന്നതുവരെ ഞാനതിലുണ്ടായിരിക്കുകയും ചെയ്യും. കാഴ്ചപ്പാടുകളിലെ വ്യത്യാസം മാത്രമാണ് ഞങ്ങൾക്കിടയിലുള്ളത്. അൽ ജമാഅത്തുൽ ഇസ്‌ലാമിയ്യയെ അല്ലാഹു ഐക്യത്തോടെ ഇതുവരെ നിലനിർത്തിയിട്ടുണ്ട്. മറ്റു സംഘടനകൾക്ക് സംഭവിച്ചതുപോലെ അതു പിളർന്നിട്ടില്ല. അല്ലാഹുവിനെ കണ്ടുമുട്ടുന്നതുവരെ ഞാനതിലെ അംഗം തന്നെയായിരിക്കും."[4] ■

drsalam@aljamia.net

1) *മുശ്കിലാത്തുദ്ദഅ്‌വാ വദ്ദാഇയ*
2) *മുശ്കിലാത്തുദ്ദഅ്‌വാ വദ്ദാഇയ*
3) *നഹ്‌വ സ്വഹ്‌വ ഇസ്‌ലാമിയ്യ ഫീ മുസ്തവൽ അസ്ർ.*
4) *അൽ അറബ് വൽ ഔലമ* മാസിക നടത്തിയ ഇന്റർവ്യൂ